
CSI CHRIST CHURCH
THIRUVANANTHAPURAM

NOVEMBER 2021

# TIDINGS

VOL : 13 NO : 11

## Heirs of the Kingdom of God



**MOTTO 2021**

ഇതാ ഞാൻ രോഗശാന്തിയും ആരോഗ്യവും വരുത്തി അവരെ സൗഖ്യമാക്കുകയും
സമാധാനത്തിന്റെയും സത്യത്തിന്റെയും സമൃദ്ധി അവർക്കു
വെളിപ്പെടുത്തുകയും ചെയ്യും യിരെമ്യാവ് 33:6

Nevertheless, I will bring health and healing to it; I will heal my people and will let them enjoy abundant peace and security.. Jeremiah 33:6

இதோ, நான் அவர்களுக்குச் சவுக்கியமும் ஆரோக்கியமும் வரப்பண்ணி,
அவர்களைக் குணமாக்கி, அவர்களுக்குப் பரிபூரண சமாதானத்தையும்
சத்தியத்தையும் வெளிப்படுத்துவேன். எரேமியா 33:6

# 13th Death Anniversary

10th November 2021

## In Loving Memory of



**Dr. Dennis George**

Chiramel Mulamootil


Peroorkada, Trivandrum

**Date of Demise: 9th November 2008**

**Remembered By:**

**Mr. George Daniel and Family (ID No. G-010 / 342)**

## Vicar



**Rev. P. K. Chacko**
Christ Church Parsonage
DBRA-61., Near Devaswom
Board Jn, Nanthencode,
Trivandrum-695003
Mobile: 9447176033, 9961616929
Telephone: 2316033
vicar@csichristchurch.org

## Asst. Vicar



**Rev. Sam Mathew Roy**
Christ Church Parsonage
Fern Hill Bethel
Thycaud P.O,
Trivandrum-695014
Mobile: 9447006033
asst.vicar@csichristchurch.org

## Church Wardens

| | |
|---|---|
| Mr. George Koshie | 9447055518 |
| Mr. Korah Abraham | 9447155109 |

## Church Secretary

| | |
|---|---|
| Dr. Thomas Biju Mathew | 8075542177 |

## Lay Treasurer

| | |
|---|---|
| Mr. Paulraj K | 9447022463 |

## Internal Auditor

| | |
|---|---|
| Mr. Roy Philip (Alummootil) | 9895684681 |

## Church Committee Members

| | |
|---|---|
| Mr. Abraham Ninan | 9072170226 |
| Mr. Bibin Hezakiel V | 9447747755 |
| Mr. D Soman John | 9447007700 |
| Mr. Jacob K Varghese | 9495829627 |
| Mr. Jacob Thomas | 9495120219 |
| Adv. Mrs. K A Achamma | 9447152395 |
| Mr. Koshy George | 9745036120 |
| Mrs. Mariam Jacob | 9422400262 |
| Mr. Mathew Thomas | 9496371519 |
| Dr. Minu Jacob | 9446255011 |
| Mr. Robin Sam Kurien | 8921318737 |

## Diocesan Council Members

| | |
|---|---|
| Mr. Abraham Koshy | 9447388184 |
| Mr. Beju Joseph | 9495850181 |
| Mr. Biju Mathew | 9447101415 |
| Ms. Jolly Mathai | 9447570413 |
| Mr. Mathew John | 9847066965 |
| Adv. P J Koshy | 9249718765 |

## Senior Presbyters

| | |
|---|---|
| Very. Rev. Mathew Mathew | 2559965 |
| Rev. Dr. Jacob Verghis | 2432560 |
| Rev. Ninan Jacob | 9446324262 |
| Rev. Dr. George Joseph | 9447452473 |
| Rev. A. Viswasaraj (Tamil) | 9495349325 |

## Church Staff

| | |
|---|---|
| Mr. Aji George Jacob | 9495304997 |
| Mr. Tinu P.S. (Justin) | 8893292192 |
| Mr. Roy Daniel | 9605242882 |
| Mr. Roy Mathew | 9567776996 |

# TIDINGS

## NOVEMBER 2021

| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | | | | |


### Editorial Board

Rev. P. K. Chacko
Rev. Sam Mathew Roy
Mr. Saji Sam George (Convenor)
Dr. Thomas Biju Mathew
Mr. George Koshie
Mr. Korah Abraham
Mr. Biju Mathew
Adv. P J Koshy
Mrs. Mariam Jacob
Mr. Ebby P Kuruvilla
Mr. Ambatt Shaji Joseph


## CSI CHRIST CHURCH

(Diocese of Madhya Kerala)

Palayam Trivandrum
Telephone: 2305902
Office: 2726033
Email: office@csichristchurch.org
www.csichristchurch.org

## Area Conveners

| | | |
|---|---|---|
| Kesavadasapuram | Mr. C.T. John | 9447694352 |
| | Mr. Kuruvilla Kurian | 9847114748 |
| Kowdiar-Kuravankonam | Mrs.Susan Thomas | 9447751085 |
| | Mr. Vinod Thomas | 9895206215 |
| Kunnukuzhy- Barton/Gpattom | Mr. T.V.Jacob | 9645144175 |
| MC/Kannammoola | Mr. Koshy George | 9745036120 |
| | Mr. Joshy Mathew | 9809788681 |
| Nanthencode | Mr. A.J.Thomas | 9447020738 |
| | Mr. Abraham Ninan | 9072170226 |
| Palayam/Vazhu./Thycaud. | Mr. D. Soman John | 9447007700 |
| | Mrs. Kunjukunjamma Oommen | 9446313661 |
| Pattom-Plamoodu | Mr. George Ninan | 8289909503 |
| Peroorkada | Mr. P.K Mathew | 9497264607 |
| Pettah-Manacadu | Mr. K.J George | 9400451149 |
| Pongumoodu- Sreekaryam | Prof.K.V. Thomas | 8547247910 |
| Poojappura-Karamana | Mr. Eipe Kuruvilla | 9447694158 |
| PTP Nagar-Vattiyoorkavu | Mr. V.S. Hezekiel | 9447071185 |
| | Mr. Jacob C. | 9496366635 |

## Organisation Secretaries

| | | |
|---|---|---|
| Sunday School | Mr. Jacob Thomas | 9495120219 |
| Youth Movement | Mr. Ashish Mathew | 7736996978 |
| Young Family Fellowship | Mr. K.J George | 9846275163 |
| Women’s Fellowship | Mrs. Reena Kurian | 9496290773 |
| Prison Ministry | Mrs. Sally George | 9446541149 |
| Almaya Fellowship | Mr. Eipe Kuruvilla | 9447694158 |
| Choir | Mr. George Mathew Vilayil | 9847335335 |
| Golden Age Fellowship | Mr. C.T. John | 9447694352 |
| Ecology Forum | Mr. M. J. Kuruvila | 9447734292 |
| Medical Forum | Dr. V. P. Philip | 9446684868 |
| Christuseva | Mr. Reji Easow Cherian | 7994455788 |
| Hindi Worship Service | Mr. Abhay Kumar | 9446948217 |

## `Vicar's Reflections

Beloved in Christ, loving greetings to you all.

We can step into the new month remembering God's blessings in the past with praise and thanks for His loving kindness. Remembering is a good trait. God also frequently proclaims - 'remember '. Forgetfulness is an illness. If this disorder increases it will be ruthless. So,let us lead a life following the good traits of remembering God and His blessings.

November is an important month due to several reasons. CSI Madhya Kerala Diocese is celebrating November 7th as Sunday School Sunday. The spiritual existence of a church is fully dependent on the emerging generation. Future generation should grow under good spiritual guidance. Lord said, 'Train up a child in the way he should go; and when he is old, he will not depart from it.'. But today, we get the suspicion, that many parents are departing from this perspective. Those who grow under good Sunday school teaching will become commendable youngsters. Only such good youngsters can become admirable family persons. Church where such people worship will only become a blessed church. It is Church's mission to bring them up with discipline and instructions to 'seek first the kingdom of God and His righteousness'.Parents should realise this. We have seen parents regretting later, who tried to make their children best in the world without actually rearing them in Godly beliefs and ways. So let us consciously bring up our God given children in love and devotion to God, giving utmost priority to Him.

November 14 is observed as Unity Sunday. This primarily aims at the union of CSI, CNI and MarThoma churches. In many places CSI services will be followed in MarThoma churches and vice versa. Is it not the obligation of the churches to take up the desire of Jesus - 'that they may be one, even as We are one'- as affirmed in the high priestly

prayer? The disunion/disagreement of churches is against the testimony of churches before this world. So,Unity Sunday signifies worship in unity without losing our witness and testimony.

As far as Christ Church is concerned Harvest festival and Annual thanksgiving service is a very important event of meeting and coming together. You may be aware that we all cannot gather together on one single day as restrictions and Covid protocol are in force. Mankind always has to be offering thanksgiving. Specially during this Covid pandemic period,we remained safe and healthy not because of our goodness or carefulness. It is only by the mercy and kindness of God almighty. Also, God guided us and our generation with the much needed spiritual and physical wellbeing. Thus, remembering all such blessings of God, we offer our thanksgiving covers. So, we are making arrangements for you to come forward during the worship service and submit your thank offering in the vessels provided for the same. This will be completed in three weeks of November, as each Sunday will be earmarked for four area prayer groups to offer their thanksgiving. The designated Sundays for your area will be intimated through your area convenor.

December 5th will be observed as Harvest festival. Remembering God's loyalty to Israel during the event of the exodus, Israelites brought first fruits of their harvest from Canaan and offered it in the temple, as a thanksgiving to God. For churches this is also a time of celebration. The usual practice is to use the earnings from this for the various tasks and plans of the church. We are making arrangements so that the congregation can participate in the auctions either online or offline. It is requested that all should whole heartedly participate in these activities.

Currently Kerala is facing heavy rains and the ensuing floods and destructions. Several are buried due to landslides.

Many lost their homes and farms. These incidents prove that the certain Christian Churches was wrong when they took a stand against Madhya Kerala Diocesan Bishop Most Rev. Thomas K Oommen who supported Madhav Gadgil's report in 2013. So, CSI Madhya Kerala Diocesen should raise their voice to implement the Madhav Gadgil report. We should be able to provide support for this.

Let me conclude my words. Pray that God bestows on all of you a good future and hope.

**Rev. P. K. Chacko Achen**
Vicar

**Rev. Sam Mathew Roy Achen**
Asst.Vicar

കർത്താവിൽ പ്രീയരേ, നിങ്ങൾക്ക് സ്നേഹവന്ദനം.

പുതിയ മാസത്തിലേക്കു പ്രവേശിക്കുമ്പോൾ, കഴിഞ്ഞ കാലഘട്ടത്തിലെ ദൈവനടത്തിപ്പുകളെ ഓർത്തുകൊണ്ട് സ്തോത്രത്തോടുകൂടി ചുവടുകൾ വയ്ക്കാം. ഓർക്കുക എന്നത് നല്ല ഗുണമാണ്. "ഓർത്തുകൊൾവിൻ" എന്നാണല്ലോ കർത്താവും പറയുന്നത്. മറവി ഒരു രോഗമാണ്. അതു വർദ്ധിച്ചാൽ ഭീകരമായിരിക്കും. അതുകൊണ്ട് ദൈവത്തെയും, ദൈവനടത്തിപ്പുകളേയും ഓർക്കുന്ന സത്ഗുണത്തിന്റെ ഉടമസ്ഥരായി നമുക്കു ജീവിയ്ക്കാം.

നവംബർമാസം പലതുകൊണ്ടും പ്രാധാന്യമുള്ള മാസമാണ്. മദ്ധ്യകേരളമഹായിടവക നവംബർ 7 സണ്ടേസ്കൂൾ ഞായറായി ആചരിക്കുകയാണ്. ഒരു സഭയുടെ ആത്മീക നിലനിൽപ്പ്. വളർന്നുവരുന്ന തലമുറയിലാണ് നിലകൊള്ളുന്നത്. തലമുറ വളരേണ്ടത് നല്ല ആത്മീക ശിക്ഷണത്തിലായിരിക്കണം. കർത്താവും പറഞ്ഞത് "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല" എന്നാണ്. എന്നാൽ ഇന്ന് പല മാതാപിതാക്കളും ഈ കാഴ്ചപ്പാടിൽ നിന്നും മാറിയാണോ യാത്രചെയ്യുന്നതെന്നു തോന്നിപ്പോകും. നല്ല സണ്ടേസ്കൂൾ അഭ്യസനത്തിലൂടെ വളരുന്ന കുഞ്ഞുങ്ങൾ നല്ല യുവജനങ്ങളായി മാറും. നല്ല യുവജനങ്ങൾക്കു മാത്രമേ നല്ല കുടുംബസ്ഥരായി ജീവിയ്ക്കാൻ കഴിയുകയുള്ളൂ. അങ്ങനെ ഉള്ളവർ ആരാധിക്കുന്ന സഭ അനുഗ്രഹിക്കപ്പെട്ട സഭയായിരിക്കും. "മുമ്പേ

അവന്റെ രാജ്യവും നീതിയും അന്വേഷിക്കുവാൻ അഭ്യസിപ്പിക്കുക എന്നത് സഭയുടെ ദൗത്യമാണ്. മാതാപിതാക്കൾ ഇതു മനസ്സിലാക്കണം. ദൈവചിന്തയിൽ കുഞ്ഞുങ്ങളെ വളർത്താതെ ലോകത്തിൽ ഏറ്റവും വലിയവരാക്കാൻ ശ്രമിക്കുന്നവർ പിന്നീട് ദുഃഖിക്കുന്നത് കണ്ടിട്ടുണ്ട്. അതുകൊണ്ട് മുൻഗണന ദൈവത്തിനു നൽകികൊണ്ട് നമുക്കു തന്നിരിക്കുന്ന കുഞ്ഞുങ്ങളെ ദൈവഭക്തിയിൽ വളർത്തികൊണ്ടുവരുവാൻ ഉത്സാഹിക്കുക.

നവംബർ 14 സഭൈക്യ ഞായറായി ആചരിക്കുകയാണ്. CSI, CNI, Marthoma സഭകൾ തമ്മിലുള്ള ഐക്യമാണ് പ്രധാനമായി ഉദ്ദേശിക്കുന്നത്. പല സ്ഥലങ്ങളിലും സി. എസ്. ഐ. ആരാധന മാർ തോമാ സഭകളിലും, മാർ തോമാ ആരാധനാ സി. എസ്. ഐ. സഭകളിലും നടത്തിവരുന്നു. മഹാപുരോഹിത പ്രാർത്ഥനയിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ "നാം ഒന്നാകുന്നതുപോലെ അവരും ഒന്നാകേണ്ടതിന്" എന്ന ക്രിസ്തുവിന്റ താല്പര്യം സഭ ഏറ്റെടുക്കേണ്ടതല്ലേ? സഭകളുടെ വിഘടനം ലോകത്തിൽ സഭയെപ്പറ്റിയുള്ള സാക്ഷ്യത്തിന് വിരോധമാണ്. അതിനാൽ സാക്ഷ്യം നഷ്ടപ്പെടുത്താതെ ഒത്തുചേർന്നാരാധിക്കുക എന്നതാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്.

ക്രൈസ്റ്റ് ചർച്ചിനെ സംബന്ധിച്ച് വളരെ പ്രാധാന്യമുള്ള ഒത്തുചേരലാണ് ആദ്യഫലശുശ്രൂഷയും സ്തോത്രദാന സമർപ്പണവും എന്നത്. (Harvest Festival & Thanks Giving) കോവിഡിന്റെ പ്രതിസന്ധി നിലനിൽക്കുന്നതിനാൽ എല്ലാവർക്കും ഒരേദിവസം ഒത്തുചേരുവാൻ നിയമം അനുവദിക്കുന്നില്ലെന്ന് അറിയാമല്ലോ. മനുഷ്യൻ എപ്പോഴും നന്ദി അർപ്പിക്കേണ്ടവനാണ്. പ്രത്യേകിച്ചും ഈ കോവിഡ് കാലഘട്ടത്തിൽ നമ്മെ കാത്തത്, നമ്മുടെ ഗുണംകൊണ്ടോ, സൂക്ഷ്മതകൊണ്ടോ അല്ല. ദൈവത്തിന്റെ ദയയും കരുണയും ഒന്നുകൊണ്ടു മാത്രമാണ്. കൂടാതെ ആത്മീകവും ഭൗതികവുമായി നമ്മെയും നമ്മുടെ തലമുറയേയും ദൈവം ഇക്കാലത്ത് നടത്തി. ഇത്തരത്തിലുള്ള എല്ലാ ദൈവനടത്തിപ്പിനേയും ഓർത്തുകൊണ്ടാണ് നമ്മൾ സ്തോത്രദാനാർപ്പണമായി കവറുകൾ അർപ്പിക്കുന്നത്. അതുകൊണ്ട് ആരാധനാ മദ്ധ്യേ മുമ്പോട്ടുവന്ന്, വച്ചിരിക്കുന്ന പാത്രത്തിൽ സ്തോത്രദാനം അർപ്പിക്കുവാനുള്ള ക്രമീകരണം ചെയ്യുന്നതാണ്. 3 ആഴ്ചകളിലായിട്ടാണ് അതു നടത്തുന്നത്. ഒരു ഞായറാഴ്ച 4 ഏരിയാ പ്രാർത്ഥനാ

ഭാഗത്തുള്ളവർ വന്നു സംബന്ധിക്കണം. പിന്നീടുള്ള ഓരോ ഞായറാഴ്ചയും ബാക്കിയുള്ള നന്നാല് ഏരിയാ പ്രാർത്ഥനാ ഭാഗത്തുള്ള ആളുകൾവീതം സംബന്ധിക്കണം. ഓരോരുത്തർക്കുമുള്ള ദിനം ഏരിയാ പ്രാർത്ഥനാ നേതൃത്വത്തെ അറിയിക്കുന്നതാണ്.

ഡിസംബർ 5-ാം തീയതി ആദ്യഫല ശുശ്രൂഷയായി ആചരിക്കും. യിസ്രായേൽ ജനത്തിന്റെ വിടുതലുമായുള്ള ബന്ധത്തിൽ ജനം ഓർത്ത് ദൈവത്തിന് അവർക്കു ലഭ്യമായ കനാനിൽ വിളഞ്ഞ വിഭവങ്ങളുടെ ആദ്യഫലം ദൈവാലയത്തിൽ അർപ്പിച്ച് ദൈവത്തിനു സ്തോത്രം അർപ്പിക്കുകയാണല്ലോ. സഭകളെ സംബന്ധിച്ച് ഇതൊരാഘോഷം കൂടിയാണ്. ഇതിൽ നിന്നും ലഭിക്കുന്ന സാമ്പത്തികം സഭയുടെ പ്രത്യേക കാര്യങ്ങൾക്കു വേണ്ടി ഉപയോഗിക്കുന്ന പതിവാണല്ലോ ഉള്ളത്. Online ആയും Offline ആയും ലേലത്തിൽ പങ്കെടുക്കുവാൻ കഴിയത്തക്കവിധം സാഹചര്യങ്ങൾ ഒരുക്കുന്നതിനാണ് ശ്രമിക്കുന്നത്. എല്ലാവരും എല്ലാകാര്യങ്ങളിലും നിസീമമായി പങ്കെടുക്കുവാൻ അഭ്യർത്ഥിക്കുന്നു.

നമ്മുടെ കേരളം ഇപ്പോൾ അഭിമുഖീകരിക്കുന്നത് പേമാരിയും അനന്തരഫലമായുള്ള വെള്ളപ്പൊക്കവും ആൾനാശവുമാണല്ലോ. മണ്ണിടിച്ചിലിൽ ധാരാളമാളുകൾ മണ്ണിനടിയിലായി. ഭവനങ്ങളും, കൃഷിയിടങ്ങളും നഷ്ടപ്പെട്ടു. 2013 ൽ മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് പുറത്തുവന്നപ്പോൾ അത് നടപ്പിലാക്കാൻ ആഹ്വാനം ചെയ്ത മദ്ധ്യകേരള മഹായിടവക ബിഷപ്പ് മോസ്റ്റ് റവ തോമസ് കെ. ഉമ്മൻ ആവശ്യപ്പെട്ടപ്പോൾ ചില ക്രിസ്തീയ സഭകൾ എതിർത്തത് ശരിയായില്ലാ- എന്ന് ഇന്ന് സംഭവങ്ങൾ തെളിയിച്ചു. അതിനാൽ ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കാൻ മദ്ധ്യകേരള മഹായിടവക ശബ്ദമുയർത്തണം. നമുക്ക് അതിനു പിൻതുണ നൽകാൻ കഴിയണം.

വാക്കുകൾ ഞാൻ ഉപസംഹരിക്കുന്നു- എല്ലാവർക്കും നല്ല ഭാവിയും ഭാവുകങ്ങളും ദൈവം നൽകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്,

നിങ്ങളുടെ സ്നേഹമുള്ള

**റവ. പി. കെ. ചാക്കോ അച്ചൻ** **റവ. സാം മാത്യു റോയി അച്ചൻ**

വികാരി അസി. വികാരി



## വാർത്തകളും കുറിപ്പുകളും

**1. നവംബർ 7 മുതൽ ഞായർ ആരാധനകൾക്ക് പഴയ സമയക്രമം**

നവംബർ മാസം മുതൽ നാം പഴയ ആരാധനാ സമയക്രമത്തിലേക്ക് മാറുകയാണെന്ന് അറിയിക്കട്ടെ. എല്ലാ സഭാംഗങ്ങളുടെയും നിരന്തരമായ പ്രാർത്ഥന ഏറ്റവും ആവശ്യമായ സമയം ആണിത്. കോവിഡ് നിയന്ത്രണങ്ങൾക്ക് കൂടുതൽ ഇളവുകൾ വരും എന്ന ദൃഢവിശ്വാസത്തിൽ നാം പ്രാർത്ഥനയോടെ മുമ്പോട്ടു പോകുക ആണ്. നവംബർ 7 മുതൽ എല്ലാ ഞായർ ആഴ്ചയും, 6 മണിക്ക് തമിഴ്, 7.30 നു ഇംഗ്ലീഷ്, 9.45 നു മലയാളം എന്നീ മൂന്ന് ദിവ്യ ആരാധനകളും, മുമ്പ് നടത്തിയിരുന്നത് പോലെ തന്നെ നടത്തുകയാണ്. ആരാധനകളുടെ സമയക്രമത്തെപ്പറ്റി നവംബർ ടൈഡിംഗ്സ് അൽമനാക് പട്ടികയിൽ ചേർത്തിട്ടുണ്ട്. സർക്കാർ നിബന്ധനകൾ അനുസരിച്ച് ഇതിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടി വന്നാൽ വാട്ട്സ്ആപ്പിലൂടെ അറിയിക്കുന്നതായിരിക്കും. ഭവനങ്ങളിൽ ആയിരിക്കുമ്പോൾ ഓൺലൈൻ ആരാധനയിൽ സംബന്ധിക്കുന്ന ഏവരും സ്തോത്രകാഴ്ചയും പ്രത്യേക ദാനങ്ങളും ശേഖരിച്ചു വെക്കണം എന്നും മാസത്തിൽ ഒരിക്കലെങ്കിലും അവയെ സഭയുടെ അക്കൗണ്ടിലേക്ക് ഓൺലൈൻ ആയി അയച്ച് തന്ന്, സഹായിക്കേണമേ എന്നും ഓർമ്മിപ്പിക്കട്ടെ.

ഒക്ടോബർ 3 യുവജനഞായർ, ഒക്ടോബർ 10 ആശാഭവൻ ഞായർ എന്നിവ ആചരിച്ചപ്പോൾ അനുഗ്രഹീത സന്ദേശങ്ങൾ നല്കിയ റവ. രെഞ്ചു കെ. ജോർജ്ജ്, റവ. ബിൻജു വർഗ്ഗീസ് അച്ചൻ എന്നിവരോടുള്ള നന്ദി അറിയിക്കുന്നു.

**2. വാർഷിക സ്തോത്രദാന ശുശ്രൂഷ, നവബർ 14,21,28 ഞായർ: ആദ്യഫലപ്പെരുന്നാൾ, ഡിസംബർ 5 ഞായർ**

ഏരിയ പ്രയർ ഗ്രൂപ്പ് അടിസ്ഥാനത്തിൽ വാർഷിക സ്തോത്ര ദാനശുശ്രൂഷ നവംബർ 14, 21, 28 ഞായർ ആഴ്ചകളിലും ആദ്യഫല

പ്പെരുന്നാൾ, ഒരേ സമയം തന്നെ ഓൺലൈൻ, ഓഫ് ലൈൻ രീതികളിൽ ഡിസംബർ 5 ഞായർ ആഴ്ചയും നടത്താൻ തീരുമാനിച്ചു. ഈ വർഷത്തെ ആദ്യഫലപ്പെരുന്നാളിന്റെ കൺവീനർമാരായി ശ്രീ. ജേക്കബ് തോമസ്, ശ്രീ. മാത്യു ജോൺ എന്നിവരെ ചർച്ച് കമ്മറ്റി ചുമതലപ്പെടുത്തി. (വിശദാംശങ്ങൾക്ക് പേജ് 12 കാണുക)

**3. സഭയുടെ Zoom അക്കൗണ്ട് ഉപയോഗത്തിന്റെ ഏകോപനം**

സഭയുടെ Zoom അക്കൗണ്ട് ഉപയോഗിച്ച് ഏരിയാ പ്രാർത്ഥനാ കൂട്ടായ്മകൾ, ക്രൈസ്റ്റ് ചർച്ചിന്റെ സംഘടനകളുടെ ഓൺലൈൻ യോഗങ്ങൾ മുതലായ സഭയുടെ ഔദ്യോഗിക പരിപാടികൾ നടത്തുന്നതിന് ഇപ്പോൾ ഒഴിവുള്ള സമയം അനുസരിച്ച്, ഓൺലൈൻ യോഗം ക്രമപ്പെടുത്തുന്നതിന് ശ്രീ. ഡി. സോമൻ ജോണിനെ ചർച്ച് കമ്മിറ്റി ചുമതലപ്പെടുത്തി എന്നും, ഈ സൗകര്യം പ്രയോജനപ്പെടുത്തുവാൻ അദ്ദേഹവുമായി ബന്ധപ്പെടണം എന്നും (ഫോൺ : 9447007700) അറിയിക്കട്ടെ.

**4. ടൈഡിംഗ്സ് എഡിറ്റോറിയൽ ബോർഡിന് പുതിയ കൺവീനർ**

ശ്രീ. സജി സാം ജോർജ് (ID S004) ടൈഡിംഗ്സ് എഡിറ്റോറിയൽ ബോർഡിന്റെ കൺവീനർ ആയി ചുമതല ഏറ്റ വിവരം സന്തോഷത്തോടെ അറിയിക്കട്ടെ. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നമ്മുടെ ടൈഡിംഗ്സ് പ്രസിദ്ധീകരണം അനുഗ്രഹീതമായി നടക്കുവാൻ ദൈവം കൃപ ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പ്രാർത്ഥനകളോടെ,

**തോമസ് ബിജു മാത്യു**
**ചർച്ച് സെക്രട്ടറി**

## ALMANAC

| | | | | |
|---|---|---|---|---|
| 10-11-2021 | H E (Malayalam) | Zion Hall | 5.30 PM | Wednesday |
| 12-11-2021 | H E (Malayalam) | Church | 7.30 AM | Friday |
| 14-11-2021<br>**Thanksgiving day** | **25th Sunday after Pentecost**<br>**Unity Sunday** **സഭൈക്യ ഞായർ**<br>**Light on the Lamp Stands**<br>**തണ്ടിന്മേൽ കത്തിച്ചു വെച്ച വിളക്ക്**<br>OT: Zechariah 4: 1-14<br>Epistle: 1 Cor. 3: 10-15<br>6.00 a.m. Matins. (Tamil)<br>9.45 a.m. Matins (Mal) | | Psalm 27:<br>Gospel: Matthew 5: 14-16<br>7.30 a.m. H.E (English)<br>7.30 a.m. online service | |
| 17-11-2021 | H E English) | Church | 5.30 PM | Wednesday |
| 19-11-2021 | H E (Malayalam) | Church | 7.30 AM | Friday |
| 21-11-2021<br>**Thanksgiving day** | **26th Sunday after Pentecost**<br>**Sunday for the Girl Child** **പെൺശിശു ഞായർ**<br>**Protecting the Girl Child**<br>**പെൺകുഞ്ഞുങ്ങളെ സംരക്ഷിക്കുക**<br>OT: Job 42: 10-17<br>Epistle: Acts 16: 16-18<br>6.00 a.m. Matins. (Tamil)<br>9.45 a.m. H E (Malayalam) | | Psalm 45: 8-14<br>Gospel: Matthew 15: 21-28<br>7.30 a.m. H.E (English)<br>9.45 a.m. online service | |
| 24-11-2021 | H E (Malayalam) | Zion Hall | 5.30 PM | Wednesday |
| 26-11-2021 | H E (Malayalam) | Church | 7.30 AM | Friday |
| 28-11-2021<br>**Thanksgiving day** | **1st Sunday in Advent**<br>**Meeting of Mary with Elizabeth**<br>**മറിയ എലിസബേത്തിനെ കണ്ടുമുട്ടുന്നു**<br>**Celebrating the Good News**<br>**സുവാർത്തയുടെ ആഘോഷം**<br>OT: Exodus 2: 1-10<br>Epistle: Acts 9: 10-18<br>6.00 a.m. Matins. (Tamil)<br>9.45 a.m. H E (Mal) | | Psalm 117:<br>Gospel: Luke 1: 39-56<br>7.30 a.m. Matins (English)<br>9.45 a.m. online service | |
| 01-12-2021 | H E English) | Church | 5.30 PM | Wednesday |
| 03-12-2021 | H E (Malayalam) | Church | 7.30 AM | Friday |

| | |
|---|---|
| 05-12-2021<br>**Thanksgiving** | **2nd Sunday in Advent**<br>**Harvest Festival Sunday** **ആദ്യഫല ഞായർ**<br>**Thanksgiving for Harvest**<br>**വിളവെടുപ്പിനായി സ്തോത്രം**<br>OT: I Chronicles 29: 10-20 Psalm 65:<br>Epistle: I Timothy 6 : 6-12 Gospel: John 6 : 26-35<br>7.30 a.m. . H E (Mal) Combined service (online) |

## Thought for the Month

“The safest place in all the world is the **Will** of God, and the safest protection in all the world is the **Name** of God. When you know His name you know His nature”

*Dr. Warren W Wiersbe (1929 - 2019), was an American clergyman, a famous Bible teacher, a Conference speaker and prolific writer of Christian literature and theological words.*

“Your **will** be done on earth as it is in heaven”
Matthew 6: 10

Jesus knelt down and prayed “ Father, if it is Your **will** take this cup away from Me, nevertheless not My **will** but Yours, be done” **Luke 22:.42**

“I have manifested Your **Name** to the men whom You have given Me” **John 17:6**

May the **Name** of the God of Jacob defend you.
Psalm 20: 1

In the **Name** our God we will set up our banners”
Psalm 20: 5

**CHURCH DUES/MONTHLY SUBSCRIPTION:2021-22**

Members who have not paid church dues, their monthly subscription for the year are requested to pay the same through the green cover , at the Parsonage/Nanthancode Office.
The Subscription may be paid online and intimated to us on e-mail: **office@csichristchurch.org or informed to the Treasurer/Accountant**

**CHRIST CHURCH, TRIVANDRUM**
**SB: 13170100040167**

**Federal Bank, Nanthancode**
**IFSC: FDRL0001317**

# വാർഷിക സ്തോത്രദാന ശുശ്രൂഷയും
# ആദ്യഫല പെരുന്നാളും - 2021

പ്രിയ സഭാ ജനങ്ങളെ,

8 ഒക്ടോബർ 2021 -ൽ കൂടിയ ചർച്ച് കമ്മിറ്റിയുടെയും 14 ഒക്ടോബർ 2021 ൽ കൂടിയ ഏരിയാ പ്രയർ ഗ്രൂപ്പ് കൺവീനർമാരുടെയും, സംഘടനാ ഭാരവാഹികളുടെയും ആലോചനായോഗത്തിൽ എടുത്ത തീരുമാനങ്ങൾ അറിയിക്കട്ടെ.

1. 2021 ലെ വാർഷിക സ്തോത്ര ദാനശുശ്രൂഷ, പള്ളിയുടെ പ്രതിഷ്ഠാദിനവും ആയി ബന്ധപ്പെടുത്തി, നവംബർ 14,21, 28ലെ വിവിധ ആരാധനകളിൽ, ഏരിയ പ്രയർ ഗ്രൂപ്പ് അടിസ്ഥാനത്തിൽ, സഭാ ജനങ്ങൾക്ക്, തങ്ങളുടെ സ്തോത്ര വഴിപാട് സമർപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുന്നതാണ്. ആയതിലേക്ക് ഉള്ള വാർഷിക സ്തോത്ര ദാനകവറുകൾ, തപാൽ വഴി എല്ലാ സഭാഭവനങ്ങളിലും എത്തിക്കുവാൻ തീരുമാനിച്ചു.
2. ഈ വർഷത്തെ ആദ്യഫല പെരുന്നാൾ ഡിസംബർ അഞ്ചാം തീയതി 7.30ന് ഉള്ള സംയുക്ത ആരാധനയ്ക്കു ശേഷം, 10 മണിയോടെ നടത്തുവാൻ താല്പര്യപ്പെടുന്നു. വിദൂരതയിൽ ഉള്ള നമ്മുടെ അംഗങ്ങൾക്കും, ലേലത്തിൽ പങ്കെടുക്കുവാൻ സാധ്യമാകും വിധം ഓഫ്‌ലൈനിലും ഓൺലൈനിലും ആയി ഒരേസമയം ആദ്യഫല ലേലങ്ങൾ നടത്തുവാൻ ക്രമീകരിക്കുന്നു. ആദ്യഫലലേലത്തിന്റെയും മറ്റ് അനുബന്ധ വിഷയങ്ങളുടെയും കാര്യങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.
3. പ്രസ്തുത കാര്യങ്ങളുടെ സുഗമമായ നടത്തിപ്പിന് വേണ്ടി എല്ലാ ഏരിയാപ്രയർ ഗ്രൂപ്പുകളിൽ നിന്നും, വിവിധ സംഘടനകളിൽനിന്നും കുറഞ്ഞത് 5 സന്നദ്ധ സംഘ അംഗങ്ങൾ വീതമുള്ള ഗ്രൂപ്പ് ക്രമീകരിക്കാനും തീരുമാനിച്ചു.

കോവിഡ് നിയന്ത്രണങ്ങൾക്ക് കൂടുതൽ ഇളവുകൾ വരും എന്ന പ്രതീക്ഷയിൽ, മേൽപ്പറഞ്ഞ എല്ലാ കാര്യങ്ങളിലും ഗവൺമെന്റിന്റെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് മാത്രമായിരിക്കും ക്രമീകരിക്കുക. ഈ കാര്യങ്ങൾ എല്ലാം അനുഗ്രഹീതമായി നടക്കുവാൻ, എല്ലാ സഭാ ജനങ്ങളുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

ചർച്ച് കമ്മിറ്റിയ്ക്ക് വേണ്ടി,
**ഹാർവെസ്റ്റ് ഫെസ്റ്റിവൽ കൺവീനർമാർ**

## Annual Thanks Giving & Harvest Festival 2021

Dear Parish members,

The church committee meeting held on 8th October 2021 and the joint meeting of area prayer group convenors and organisation leaders held on 14th October 2021 decided the following:

1. Annual thanksgiving service for 2021 in connection with the Church dedication day will be held during the divine services, on three consecutive Sundays, viz 14th, 21st and 28th November, on Area prayer group basis. The Annual Thanksgiving covers will be delivered to all members of the parish by post.

2. Harvest festival will be conducted on 5th December, with a combined service at 7.30 AM and the auctions will be held by 10 AM, simultaneously through online and offline platforms, facilitating our members and NRI members to participate in the auctions. Details of the Thanksgiving services and Harvest Festival service will be informed subsequently.

3. For the smooth conduct of Thanksgiving services and the Harvest Festival 2021, a team of volunteers will be formed, with not less than 5 persons in each area prayer group and from each organisation of the Church.

The said activities are planned in the expectation that the COVID protocols will be liberalised in the coming days and the above functions will be held following the Governments COVID regulations issued from time to time. Soliciting your prayers and cooperation,

Thanking you,

For Church Committee,
Harvest Festival Convenors

# സങ്കീർത്തനങ്ങൾ - 5

**ദൈവാലയത്തിൽ** പ്രവേശിച്ച ആരാധകൻ യാഗം ഒരുക്കിയശേഷം ദൈവത്തിന്റെ കൃപാകടാക്ഷത്തിനായി പ്രാർത്ഥനാ പൂർവ്വം കാത്തിരിക്കുന്നു. ദുഷ്ടന്മാരോടും നീതിമാന്മാരോടുമുള്ള ദൈവത്തിന്റെ വ്യത്യസ്ത മനോഭാവങ്ങളെ അഞ്ചാം സങ്കീർത്തന ത്തിലെ പ്രഭാതപ്രാർത്ഥനയിൽ ദാവീദ് പ്രതിഫലിപ്പിക്കുന്നു.

ദൈവത്തെ "എന്റെ രാജാവും ദൈവവുമേ" എന്ന സംബോ ധനയിലൂടെ ദൈവവുമായുള്ള അടുത്ത, വ്യക്തിപരമായ, ഹൃദ്യമായ ബന്ധത്തെ ദാവീദ് വെളിപ്പെടുത്തുന്നു. ഈ ബന്ധം സ്വന്തമാണെന്ന് മാത്രമല്ല അതുല്യവുമാണ്. ദാവീദിന്റെ പ്രാർത്ഥന വല്ലപ്പോഴുമല്ലാ, രാവിലെതോറും ദൈവം പ്രാർത്ഥന കേട്ടു. ദൈവത്തിന്റെ മനുഷ്യൻ രാവിലെതോറും സ്തുതിയും പ്രാർത്ഥനയുമായ യാഗം ഒരുക്കിയിട്ട്, ആ പകൽ ദൈവവെളിപ്പാടിനായി കാത്തിരിക്കുന്നു. ദൈവത്തിന്റെ മറുപടിക്കായി നാമും കാത്തിരിക്കേണം എന്ന ഓർമ്മപ്പെടുത്തൽ.

ദൈവത്തിന്റെ മുമ്പിൽ നിഗളികൾക്കു പ്രീതിയില്ല. ഭോഷ്കു പറയുന്നവരെ ശിക്ഷിച്ചു ദൈവം തന്റെ വിശുദ്ധി വെളിപ്പെടുത്തുന്നു. ശത്രുക്കളാൽ ശല്യം ചെയ്യപ്പെട്ട ദാവീദ് ദൈവത്തിലേക്കു തിരിഞ്ഞ് വിപത്തിൽ നിന്നു വിടുവിച്ച് തന്റെ വഴികളെ നേരെയാക്കി ദൈവ ത്തിന്റെ നീതിയെ വെളിപ്പെടുത്തുവാൻ അപേക്ഷിക്കുന്നു. ശത്രു ക്കളുടെമേൽ ജയം ലഭിക്കുന്നതിനു പ്രാർത്ഥിക്കുന്നു. മുഖസ്തുതി, ഏഷണി, അസ്ഥിരത, നാശോന്മുഖമായ പദ്ധതികൾ, വാക്കുകൾ ഇവയെല്ലാമാണ് ശത്രുക്കളുടെ പ്രവർത്തനസരണികൾ. ദൈവ ത്തിൽ ആശ്രയിക്കുന്നവർക്കെതിരായുള്ള ശത്രുത ദൈവത്തോടുള്ള ശത്രുത തന്നെയായതിനാൽ സങ്കീർത്തനക്കാരൻ അവരുടെ നാശ ത്തിനായി യാചിക്കുന്നു. ദൈവം തന്റെ ശത്രുക്കളെ ശിക്ഷി ക്കുമ്പോൾ തന്നിൽ പൂർണമായി ആശ്രയിച്ചവർ സന്തോഷിക്കുവാൻ സംഗതിയാകണം. അവിടുത്തെ സ്നേഹിച്ചു, ഭക്തിയോടെ ആദരിച്ച് ആരാധിക്കുന്നവരെ അവിടുന്നു പലിപാലിച്ചു. സംരക്ഷിക്കുന്നു.

**റവ. സാം മാത്യു റോയി അച്ചൻ**

# ദൈവത്തിന്റെ വടിയും കോലും

**"നി**ന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു" (സങ്കീ. 23:4)

'വടി' എന്ന വാക്കിന് ശിക്ഷ എന്നും 'കോൽ' എന്നതിന് സംരക്ഷണം എന്നുമാണ് അർത്ഥമാക്കുന്നത്. യഹോവ നല്ലവനെന്ന് രുചിച്ചറിഞ്ഞ ഭക്തനായ യിസ്രായേൽ രാജാവായിരുന്ന ദാവീദിന്റെ അനുഭവസാക്ഷ്യം ആണ് ഈ സങ്കീർത്തനത്തിലൂടെ നാം വായിക്കുന്നത്. ഏതു കഠിനമായ പാതയിൽകൂടി പോകേണ്ടി വന്നാലും കർത്താവ് തന്നോടുകൂടെയുണ്ട് എന്ന ധൈര്യവും വിശ്വാസവും ദാവീദിനുണ്ടായിരുന്നു. ആ ഉറപ്പിലാണ് കൂരിരുൾ താഴ്വരയിൽകൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല നീ എന്നോടുകൂടെയിരിക്കുന്നുവല്ലോ എന്ന് ധൈര്യത്തോടെ ദാവീദ് പറയുന്നത്.

ദൈവമക്കൾ എന്ന് വിളിക്കപ്പെടുവാൻ ഭാഗ്യം ലഭിച്ചവരായ നമുക്ക് സർവ്വശക്തനായ ദൈവത്തിന്റെ കരത്തിൽ സുരക്ഷിതരായിരിക്കുവാനുള്ള ഭാഗ്യവും നല്കിയിരിക്കുന്നു. ദൈവസ്നേഹത്താൽ നിറഞ്ഞു ജീവിക്കുന്ന ദൈവമക്കളുടെ ജീവിതം ദൈവത്താൽ പരിപാലിക്കപ്പെടുന്നു. ഒരു പിതാവ് തന്റെ മക്കളെ എന്നപോലെ ഉത്സാഹിപ്പിച്ചും, ശാസിച്ചും, ശിക്ഷിച്ചും, കരുണയോടെ പ്രബോധിപ്പിച്ചും ദൈവം നമ്മെ വളർത്തുന്നു. ദൈവം നമ്മെക്കുറിച്ചു ആഗ്രഹിക്കുന്ന പൂർണ്ണത പ്രാപിക്കണം- അതിനായിട്ടല്ലയോ ദൈവം തന്റെ പുത്രനായ യേശുക്രിസ്തു മുഖാന്തരം പുതിയ നിയമ ശുശ്രൂഷയും ശുശ്രൂഷകരെയും നിയമിച്ചിരിക്കുന്നത്.

ദൈവത്തിന്റെ ആശ്വസിപ്പിക്കുന്ന വടിയെക്കുറിച്ചും സംരക്ഷിക്കുന്ന കോലിനെക്കുറിച്ചും ആണല്ലോ നമ്മൾ പ്രതിപാദിക്കുന്നത്. തിരുവചനം പരിശോധിച്ചാൽ വടിയുടെയും കോലിന്റെയും പല പ്രത്യേകതകൾ കാണാൻ കഴിയും.

**ദൈവത്തിന്റെ വടി:-** അവരുടെ വീടുകൾ ഭയം കൂടാതെ സുഖമായിരിക്കുന്നു. ദൈവത്തിന്റെ വടി അവിടെ വരുന്നതുമില്ല

(ഇയ്യോ. 21:9) ഇത് ദൈവത്തിന്റെ ന്യായവിധിയെ കാണിക്കുന്നു. ദൈവത്തിന്റെ ന്യായവിധി ജനത്തിന്റെമേൽ തൽക്ഷണം നടക്കാത്തതുകൊണ്ട് അവർ ദൈവത്തെ ഭയപ്പെടുന്നില്ല. ദോഷം ചെയ്‌വാൻ ധൈര്യപ്പെടുന്നു എന്നു സഭാപ്രസംഗി (സഭാ. 8:11) പറയുന്നു. സൊദോമിലും ഗൊമോറയിലും നടന്ന പാപപ്രവൃത്തികളുടെ അനന്തരഫലത്തെക്കുറിച്ച് തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇന്ന് മിക്ക രാജ്യങ്ങളിലും നിയമബലത്തിൽ ആ പാപം നിലനിൽക്കുന്നു. സൊദോമിലും ഗൊമോറയിലും നടന്ന ന്യായവിധി കണ്ടാലും ജനങ്ങൾ ദൈവത്തെ ഭയപ്പെടുകയില്ല എന്നതാണ് ദുഃഖസത്യം.

അബ്രഹാം ദൈവത്തിന്റെ സന്നിധിയിൽ തന്നെ നിന്ന് പക്ഷവാദം ചെയ്തതിനാൽ ദൈവം ലോത്തിനെയും കുടുംബത്തെയും ഓർത്തു. അവരെ ന്യായവിധിയിൽ നിന്ന് വിടുവിച്ചു. എന്നാൽ അവർ പാർത്തിരുന്ന പട്ടണങ്ങളായ സോദോമിനും ഗോമോറയ്ക്കും ഉന്മൂലനാശം വരുത്തി (ഉല്പ. 19:1–29). സൊദോമിന്റെ അകൃത്യത്തെക്കുറിച്ച് യെഹ. 16:49–ൽ പറഞ്ഞിരിക്കുന്നു. ദൈവത്തിന്റെ ന്യായവിധി സൊദോമിൽ ഇറങ്ങുവാൻ കാരണമായത് അവരുടെ പാപങ്ങളാണ്. ഇന്ന് വർദ്ധിച്ചു പെരുകുന്ന മാഹാവ്യാധിയും മരണവും നാശനഷ്ടങ്ങളും ബുദ്ധിമുട്ടുകളും സാമ്പത്തികമായ അധഃപതനവും എല്ലാം ഭൂമിയുടെമേൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ന്യായവിധികളത്രേ.

2019 ഡിസംബറിൽ ചൈനയിൽ ആരംഭിച്ച കൊറോണ വൈറസിനെ (കോവിഡ്19) നശിപ്പിക്കുവാൻ ലോകാരോഗ്യ സംഘടനകൾക്കോ (WHO) ശാസ്ത്രലോകത്തിനോ ഇന്നുവരെ കഴിഞ്ഞിട്ടില്ല. ഇത് ദൈവത്തിന്റെ കരം എന്ന് സകലരും സമ്മതിക്കുന്നുണ്ട്. എങ്കിലും മനുഷ്യർ ദൈവത്തെ ഭയപ്പെടുന്നില്ല- ദൈവത്തിന്റെ കയ്യിൽ ഒരു വടി ഉണ്ട് അവൻ അത് നീട്ടിയാൽ അതിനെ മടക്കുവാൻ ആർക്കും കഴിയുകയില്ല. ദൈവത്തെ ഭയപ്പെട്ട് അവങ്കലേക്കു മടങ്ങിവരാൻ മനുഷ്യന് കഴിയുന്നില്ല. പിശാചിനാലും പാപത്താലും മനുഷ്യൻ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഒരു മനുഷ്യൻ

# 12th Death Anniversary

9th November 2021

In Loving Memory of



## John Varghese

**Thadicheril**

Remembered By:
Daisy John Varghese (ID: D-001 / 321)
Rachel & Joji
George & Elza
Alexander & Leena
Deborrah & Rebekah, Adam & Adeline, Christina & Elaina (Grandchildren)



Youth Meeting held on Youth Sunday







October 2nd - Church Cleaning Day







Rebecca & Ashley

MARRIED ON 25TH OCTOBER 2021

D/o of Mr. Lincoln Jacob & Mrs. Usha Lincoln (ID L-008)
Thengazhikathu, Gandhinagar , Muttada, Trivandrum

ദൈവമായ യഹോവ നമ്മെ ശിക്ഷിച്ചു വളർത്തുന്നു എന്നു മനസിൽ ധ്യാനിച്ചു കൊള്ളേണം (ആവ. 8:5) എന്ന് മോശെ യിസ്രായേൽ ജനത്തോട് പറയുന്നു. ശിക്ഷയും ശാസനയും അനുഭവിക്കുമ്പോൾ അതിന്റെ പിന്നിലെ നന്മ അപ്പോൾ മനസിലാകാതിരുന്നാലും പിന്നീട് അതിന്റെ നന്മയും ഗുണവും അനുഭവിക്കുവാൻ കഴിയും. പിതാവിന്റെ കയ്യിലുള്ള വടി ശിക്ഷയായിട്ടല്ല, സ്നേഹത്തിന്റെ പ്രതീകമായിരുന്നു എന്ന് അപ്പോൾ മനസിലാകും. നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിന് നമ്മുടെ ഗുണത്തിനായിട്ടത്രേ ശിക്ഷിക്കപ്പെടുന്നത് (എബ്രാ.12:10)

നമ്മുടെ ജീവിതത്തിൽ കഷ്ടങ്ങളും പ്രതികൂലങ്ങളും ഉണ്ടാകുമ്പോൾ, മറ്റുള്ളവരാൽ നിന്ദിക്കപ്പെട്ട് ത്യജിക്കപ്പെട്ട് അപമാനിക്കപ്പെടുമ്പോൾ മനസ്സ് കലങ്ങിപ്പോകരുത്. പിതാവ് ബാലശിക്ഷ തന്ന് നടത്തുന്ന വഴിയാണ് അതെന്ന് മനസിലാക്കി പിതാവിനെ അധികമായി സ്നേഹിക്കണം - നമ്മുടെ പിതാവിന്റെ വടി നന്മ മാത്രമേ ചെയ്യുകയുള്ളൂ- ഒരിക്കലും നമുക്ക് അത് ദോഷം വരുത്തുകയില്ല.

**ദൈവത്തിന്റെ കോൽ:-**

ഇരുമ്പുകോൽകൊണ്ട് നീ അവരെ തകർക്കും, കുശവന്റെ പാത്രംപോലെ അവരെ ഉടയ്ക്കും (സങ്കീ. 2:5-9) സീയോനിൽ സിംഹാസനത്തിൽ ഇരിക്കുന്ന നമ്മുടെ കർത്താവിന്റെ കയ്യിൽ ഈ കോൽ ഉണ്ട്. അവൻ രാജാധിരാജാവാണ്- അത് അധികാരത്തിന്റെ ചെങ്കോലാണ്.

അഹശ്വേരോശ് രാജാവിന്റെ കയ്യിൽ ഒരു കോലുണ്ടായിരുന്നു. അത് രാജത്വത്തിന്റെ ചെങ്കോൽ ആയിരുന്നു. എസ്ഥേർ അവന്റെ അടുക്കൽ ചെന്നപ്പോൾ ആ ചെങ്കോൽ അവൻ നീട്ടി. അത് അനുഗ്രഹത്തിന്റെ ചെങ്കോൽ ആയിരുന്നു. ആരോട് കൃപ തോന്നുന്നുവോ അവരുടെ നേരെ ആ രാജദണ്ഡ് നീട്ടും. ആ ചെങ്കോൽ പരിശുദ്ധാത്മാഭിഷേകത്താൽ നമ്മെ രാജാവിന്റെ രാജ്ഞിയാക്കുന്ന ചെങ്കോലാണ്. അഭിഷേകത്താൽ നിറഞ്ഞ് നാം ദൈവത്തെ സ്തുതിക്കുമ്പോൾ ജീവനും ഭക്തിക്കും ആവശ്യമായ വാഗ്ദത്തങ്ങൾ നല്കി ദൈവം നമ്മെ അനുഗ്രഹിക്കുന്നു.

ദൈവജനത്തിന് അധികാരവും സ്വാതന്ത്ര്യവും ലഭിച്ചത് യേശുവിന്റെ ക്രൂശുമരണത്തോടെയാണ് അതുവരെയും നാം ശത്രുവിന്റെ അടിമത്ത്വത്തിൻ കീഴിൽ ആയിരുന്നു. എന്നാൽ ഇന്ന് യേശുവിന്റെ കൃപയാൽ ശത്രു നമ്മുടെമേൽ അല്ല, ശത്രുവിന്റെ മേൽ നാം വാഴുന്നു എന്നു നമുക്കു പറയുവാൻ കഴിയും. അധികാരത്തിനും വാഴ്ചയ്ക്കുമുള്ള ഇരുമ്പുകോൽ നമ്മുടെ കയ്യിൽലഭിച്ചിരിക്കുന്നു. എടുക്കപ്പെടുന്ന സഭയുടെ കയ്യിൽ സകലജാതികളെയും മേയ്പാനുള്ള ഒരു ഇരുമ്പുകോൽ ഉണ്ട്. ''അവൾ സകലജാതികളെയും ഇരുമ്പുകോൽകൊണ്ട് മേയ്പാനുള്ളൊരു ആൺകുട്ടിയെ പ്രസവിച്ചു. കുട്ടി ദൈവത്തിന്റെ അടുക്കലേയ്ക്കും അവന്റെ സിംഹാസനത്തിലേക്കും പെട്ടെന്ന് എടുക്കപ്പെട്ടു" (വെളി. 12:5). ഇത് അക്ഷരാർത്ഥത്തിൽ നിറവേറുന്നത് 'ആയിരമാണ്ട് വാഴ്ചയിൽ' ഈ ഭൂമിയിൽ യേശു രാജാവായി വാഴുമ്പോൾ, ജയമെടുത്ത തന്റെ വിശുദ്ധന്മാർ പ്രഭുക്കന്മാരായി അധികാരം നടത്തും. എന്നാൽ അതിനായി നമ്മുടെ കയ്യിൽ ഇന്ന് ഒരു ഇരുമ്പുകോൽ ഉണ്ടായിരിക്കണം. ആ ഇരുമ്പുകോൽ കൊണ്ട് നമ്മുടെ സ്വഭാവത്തെയും ജീവിതത്തെയും നാം ഭരിക്കണം. നമുക്ക് എതിരായി വരുന്ന പാപം, ജഡം, രോഗം, പിശാച്, മരണം, പാതാളം എന്നിവയുടെ മേൽ നാം വാഴുന്നവരായിരിക്കണം.

നമ്മുടെ കർത്താവ് സകലത്തെയും ജയിച്ചവനാകയാൽ അവന്റെ നാമത്തിൽ സകലത്തിനേയും നമുക്ക് ജയം വാഗ്ദത്തം ചെയ്തിരിക്കുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം നമുക്ക് ജയം നല്കുന്ന ദൈവത്തിന് സതോത്രം ചെയ്യാം (1കൊരി 15:57) നമ്മുടെ ജീവിതത്തിലെ മാറാകൾ മധുരമായിത്തീരുന്നത് അനുഭവിക്കുവാൻ നമുക്ക് കഴിയണം "എന്റെ കർത്താവ് എന്റെ ഭാരങ്ങൽ ചുമന്ന്, എന്റെ കയ്പിനെ മധുരമാക്കി, എനിക്ക് പുതിയ വാഗ്ദത്തങ്ങൾ നല്കി" എന്ന് വ്യക്തിപരമായി ഏറ്റുപറയുവാൻ ഓരോ ദൈവപൈതലിനും കഴിയട്ടെ. ദൈവത്തിന്റെ വടിയും കോലും നമ്മെ ആശ്വസിപ്പിക്കട്ടെ.

ദൈവമായ കർത്താവ് നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

**അന്നമ്മ ആൻഡ്രൂസ്**
ID 313

# സ്വർഗ്ഗരാജ്യത്തിന്റെ അവകാശികൾ
## Heirs of the Kingdom of God

സണ്ടേസ്കൂൾ ചിന്തയ്ക്കായും പഠനത്തിനായും 2021-ൽ തിരഞ്ഞെടുത്തിരിക്കുന്ന വിഷയം ''ദൈവരാജ്യത്തിന്റെ അവകാശികൾ'' എന്നതാണല്ലോ. ദൈവരാജ്യം എന്നത് യോഹന്നാൻ സ്നാപകന്റെയും യേശുക്രിസ്തുവിന്റെയും പ്രധാനപ്പെട്ട ഉദ്ഘോഷണങ്ങളിൽ ഒന്നായിരുന്നു. മത്തായി 3:2 ൽ യോഹന്നാൻ സ്നാപകൻ പറയുന്നു ''സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ'' അതിനുശേഷം ഏകദേശം 3 വർഷം ആയപ്പോൾ യേശുക്രിസ്തു സ്വർഗ്ഗരാജ്യത്തെ ക്കുറിച്ച് പ്രസംഗിച്ചു തുടങ്ങി. ലൂക്കോസിന്റെ സുവിശേഷത്തിൽ മാത്രം Kingdom of God നെക്കുറിച്ച് 27 പ്രാവശ്യം പറയുന്നുണ്ട്.

Kingdom അല്ലെങ്കിൽ രാജ്യം എന്നത് ഒരു രാജാവ് ഭരിക്കുന്ന തന്റെ സ്വാധീനത്തിൽ ഉള്ള പ്രദേശത്തെയാണ് കുറിക്കുന്നത്. ഈ ലോകവും അതിലുള്ളതും ദൈവത്തിന്റെ അധികാരപരിധിയിൽ ആയിരിക്കുമ്പോൾ യോഹന്നാനും യേശുക്രിസ്തുവും വന്ന് ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്ന് പ്രത്യേകമായി ഉദ്ബോധിപ്പിക്കേണ്ടതിന്റെ ആവശ്യം ഉണ്ടോ? തീർച്ചയായും ഉണ്ട്. യോഹന്നാൻ സ്നാപകനും യേശു ക്രിസ്തുവിനും സ്വർഗ്ഗരാജ്യത്തെ ക്കുറിച്ച് വളരെ വ്യത്യസ്തമായതും ഉന്നതവുമായ ഒരു കാഴ്ചപ്പാട് ഉണ്ടായിരുന്നു. അങ്ങനെ വരുമ്പോൾ ഈ പദ്ധതി നടപ്പാകുന്നത് യേശുക്രിസ്തുവിലൂടെ ആകുന്നു. മിശിഹാ തങ്ങളുടെ രക്ഷകൻ മാത്രമല്ല രാജാവു കൂടിയാണ്.

യേശുക്രിസ്തു ഈ ലോകത്തിലെ തന്റെ വേല തികച്ച് പോകുന്നതിന് മുമ്പായി ശിഷ്യന്മാർക്ക് അവസാനമായിട്ട് ഒരു ചോദ്യം കൂടി ചോദിക്കുവാൻ അവസരം ലഭിക്കുന്നു. "കർത്താവേ! ഇസ്രായേലിന് ഈ കാലത്തിലോ രാജ്യം യഥാസ്ഥാനത്താക്കി കൊടുക്കുന്നത്" (അപ്പൊ. പ്രവ. 1:6) എന്നതായിരുന്നു അത്. നമ്മൾ ആണെങ്കിൽ ഇപ്രകാരം ഉള്ള ഒരു മറുപടിയായിരിക്കാം പ്രതീക്ഷിക്കുന്നത്; നിങ്ങൾക്ക് ആവശ്യമുള്ള കാര്യം അറിഞ്ഞാൽ പോരേ? വേണ്ടാത്ത കാര്യത്തിൽ തലയിടുന്നത് എന്തിന്? എന്നാൽ യേശുക്രിസ്തുവിന്റെ ക്ഷമയോടുള്ള മറുപടി ഇപ്രകാരം ആയിരുന്നു. "പിതാവ് തന്റെ അധികാരത്തിൽ മാത്രം വെച്ചിട്ടുള്ള

കാലങ്ങളെയോ സമയങ്ങളെയോ അറിയുന്നത് നിങ്ങൾക്കുള്ളതല്ല."

Kingdom of God ഉണർത്തുന്ന ചിന്തകൾ:-

- 20-ാം നൂറ്റാണ്ടിന്റെ മധ്യത്തോടെ സഭകൾ വിശ്വസിച്ചിരുന്നത് 'സാക്ഷാത്ക്കരിക്കപ്പെട്ട യുഗാന്ത്യശാസ്ത്രത്തിൽ' (Realised Eschatology) ആണ്. ദൈവരാജ്യം ഇതിനോടകംതന്നെ ഈ ലോകത്തിൽ പ്രാബല്യത്തിൽ ആയിട്ടുണ്ട് എന്നുള്ള ചിന്താഗതി യാണിത്. ഇതിനു ശേഷമാണ് 'ആരംഭിച്ച യുഗാന്ത്യശാസ്ത്രം' (Inaugurated Eschatology) എന്ന ചിന്താധാര ഉടലെടുക്കുന്നത്. അതിൻപ്രകാരം ചിലതൊക്കെ ഇപ്പോൾ തന്നെ സാക്ഷാത്ക്ക രിക്കപ്പെട്ടു; എന്നാൽ ചിലതെല്ലാം ഇനിയും സംഭവിക്കേണ്ടി യിരിക്കുന്നു. ലോകരാജത്വം നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീർന്നിരിക്കുന്നു; അവൻ എന്നന്നേക്കും വാഴും" (വെളി. 11:15).
- ഇത് ദൈവത്തിന്റെ പരമാധികാരത്തേയും ശക്തിയേയും പ്രകടമാക്കുന്നു.
- സ്വർഗ്ഗരാജ്യം യേശുക്രിസ്തുവിന്റെ സന്ദേശത്തിന്റെ കാതൽ ആണ്.

